# കാരുണികൻ

Vol.18 No. 04 Apr. 2021

സമഗ്ര ദൈവശാസ്ത്ര മാസിക





## വചനബോധി
## ലത്തീൻ

# വചനബോധി
## ലത്തീൻ

പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ. ലോറൻസ് കുലാസ്
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

## ഉള്ളടക്കം

**മെയ് 02 ___ പെസഹാക്കാലം 5-ാം ഞായർ**
**Page : 73** അപ 9:26 – 31; 1 യോഹ 3:18 – 24; യോഹ 15:1 – 8
- ഡോ. ലോറൻസ് കുലാസ്
- ഫാ. പ്രിൻസ് മാളിയേക്കൽ

**മെയ് 09 ___ പെസഹാക്കാലം 6-ാം ഞായർ**
**Page : 78** അപ 10:25 – 26,34 – 35,44 – 48,1 യോഹ 4:7 – 10; യോഹ 15:9 – 17
- ഡോ. ലോറൻസ് കുലാസ്
- ഫാ. മിഥുൻ ജോസഫ് ചെമ്മായത്ത്

**മെയ് 16 ___ കർത്താവിന്റെ സ്വർഗാരോഹണം**
**Page : 84** അപ 1:1 – 11; എഫേ 4:1 – 13; മർക്കോ 16:15 – 20
- ഡോ. ലോറൻസ് കുലാസ്
- ഫാ. സുബിൻ കിടങ്ങേൻ

**മെയ് 23 ___ പെന്തക്കുസ്ത ഞായർ**
**Page : 90** അപ 2:1 – 11; 1 കോറി 12:3b – 7,12 – 13; യോഹ 20:19 – 23
- ഡോ. ലോറൻസ് കുലാസ്
- ഡോ. ജോസി ജോസഫ് കോച്ചാപ്പിള്ളി

**മെയ് 30 ___ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ**
**Page : 97** നിയ 4:32 – 34,39 – 40; റോമാ 8:14 – 17; മത്താ 28:16 – 20
- ഡോ. ലോറൻസ് കുലാസ്
- ഫാ. സോജൻ ആലയ്ക്കൽ

# മെയ് 02
# പെസഹാക്കാലം 5-ാം ഞായർ

## ഭാഷ്യം
### അപ്ര 9: 26-31; 1 യോഹ 3:18-24;
### യോഹ 15:1-8

## സന്ദർഭം

നാലാം സുവിശേഷം രണ്ട് പുസ്തകങ്ങളായാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്; **അടയാളങ്ങളുടെ പുസ്തകം** (1-12 അധ്യായങ്ങൾ); **മഹത്ത്വത്തിന്റെ പുസ്തകം** (13-21 അധ്യായങ്ങൾ). മഹത്ത്വത്തിന്റെ പുസ്തകം ആരംഭിക്കുന്നത് വിടവാങ്ങൽ വിരുന്നോടുകൂടിയാണ് (Farewell Meal). പ്രസ്തുത വേളയിലാണ് യേശു തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകുന്നത് (13:1-20). തുടർന്ന് 14 മുതൽ 16 വരെയുള്ള അധ്യായങ്ങളിൽ നാം കാണുന്നത് യേശുവിന്റെ വിടവാങ്ങൽ പ്രഭാഷണമാണ് (Farewell Discourse). പ്രസ്തുത പ്രഭാഷണത്തിൽ യേശുവിന്റെ ജീവിതത്തിൽ ആസന്നമായിരിക്കുന്ന സുപ്രധാന സംഭവങ്ങളായ മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവ സൂചിപ്പിക്കപ്പെടുന്നു. ഒപ്പം, തന്റെ 'മണിക്കൂ'റിന് ശേഷം ശിഷ്യർ എപ്രകാരമുള്ള ഒരു ജീവിതമാണ് നയിക്കേണ്ടതെന്നുള്ള സൂചനയും യേശു നല്കുന്നു. മുന്തിരിച്ചെടിയുടെ തായ്തണ്ടിനോട് എപ്രകാരമാണോ ശാഖകൾ ചേർന്നുനിന്ന് ഫലം പുറപ്പെടുവിക്കുന്നത് അപ്രകാരമുള്ള ഗാഢമായ ഒരു ബന്ധമാണ് ശിഷ്യർക്ക് യേശുവുമായി അവിടുത്തെ വേർപാടിനുശേഷവും ഉണ്ടായിരിക്കേണ്ടതെന്ന ഓർമപ്പെടുത്തലാണ് ഇന്നത്തെ സുവിശേഷഭാഗം (15:1-8).

## സാരം

1. നാലാം സുവിശേഷത്തിലെ ഒരു സവിശേഷതയാണ് 'ഞാൻ ആകുന്നു' (I AM) എന്ന പ്രയോഗം. നാലാം സുവിശേഷകൻ 'ഞാൻ ആകുന്നു' എന്ന പ്രയോഗത്തിലൂടെ യേശുവിലുള്ള ദൈവീകസത്ത - ദൈവാംശം - സൂചിപ്പിക്കുന്നു. ഈ പദപ്രയോഗം ദൈവം വെളി

പ്പെടുത്തിയ തന്റെ നാമത്തിന്റെ പ്രതീകമാണ് (പുറ3:14-"ഞാൻ ഞാൻ ആകുന്നു"). 'ഞാൻ ആകുന്നു' എന്നുള്ളത് താത്വികമായി നിലനില്ക്കുന്ന ആൾ (Being in philosophical sense) എന്നതിലുപരി സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ആൾ (the one who creates and saves) എന്നുള്ളതാണ്. അന്തിമമായി, യേശു ദൈവമാകുന്നു.

2. നാലാം സുവിശേഷത്തിലെ മുന്തിരിച്ചെടിയെന്ന പ്രതീകം യഹൂദവേദഗ്രന്ഥത്തിന്റെയും മറ്റു പാരമ്പര്യങ്ങളുടെയും പശ്ചാത്തലത്തിൽ അർത്ഥപൂർണമായി നിറഞ്ഞുനില്ക്കുന്ന ഒന്നാണ്. പഴയനിയമത്തിൽ മുന്തിരിച്ചെടി ദൈവജനത്തിന്റെ അടയാളമാണ് (ഏശ 5: 1-7). മുന്തിരിച്ചെടി സമൃദ്ധിയുടെയും സുഭിക്ഷതയുടെയും പ്രതീകമാണ് (ജറെ 6:9; എസെ 15:1-6;17:5-10;19:10-14, ഹോസി 10:1; 14:7; സങ്കീ 80:8). ഇവിടെയെല്ലാം ഇസ്രായേലാണ് മുന്തിരിച്ചെടി, ദൈവമല്ല. മറ്റു പാരമ്പര്യങ്ങളിലും ഇസ്രായേൽതന്നെയാണ് മുന്തിരിച്ചെടി (മർക്കോ 12:1-12; മത്താ 21:33-46; ലൂക്കാ 20:9-16). നാലാം സുവിശേഷകൻ യഹൂദവേദഗ്രന്ഥവും മറ്റ് പാരമ്പര്യങ്ങളും അടയാളപ്പെടുത്തുന്ന മുന്തിരിച്ചെടിയെന്ന സാദൃശ്യം യേശുവുമായി ബന്ധിപ്പിക്കുന്നു. സുവിശേഷത്തിൽ രണ്ടിടത്ത് (15:1, 5) സുവിശേഷകൻ യേശു മുന്തിരിച്ചെടിയാകുന്നു എന്ന് സൂചിപ്പിക്കുന്നു. മുന്തിരിച്ചെടിയെ സദൃശ്യമാക്കിക്കൊണ്ടുള്ള യേശുവിന്റെ ആത്മപ്രകാശനത്തിന്റെ (self-identification) അർത്ഥം പൂർണരൂപത്തിൽ ഗ്രഹിക്കുന്നതിന് അതിനോട് ചേർന്നുനില്ക്കുന്ന നാമസൂചികകൾ (predicate nominativ es) മനസ്സിലാക്കിയാൽ മതിയാകും. ആദ്യത്തെ സ്വയം വെളിപ്പെടുത്തൽ (15:1) യേശുവിന് പിതാവുമായുള്ള ബന്ധത്തിന്റെ പശ്ചാത്തലമാണ് പ്രകടമാക്കുന്നതെങ്കിൽ രണ്ടാമത്തെ വെളിപ്പെടുത്തൽ (15:5) യേശുവിന് വിശ്വാസിസമൂഹവുമായുള്ള ബന്ധത്തിന്റെ പശ്ചാത്തലം ദൃശ്യമാക്കുന്നു. അങ്ങനെയെങ്കിൽ, രണ്ട് വെളിപ്പെടുത്തലുകളും ആത്മപ്രകാശനത്തിനോടൊപ്പം പിതാവും യേശുവും വിശ്വാസിസമൂഹവും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വെളിപ്പെടുത്തൽ കൂടിയാണ്. കൃഷിക്കാരൻ (പിതാവ്), മുന്തിരിച്ചെടി (യേശു), ശാഖകൾ (വിശ്വാസസമൂഹം) എന്നീ മൂന്ന് നാമങ്ങൾ ഫലം പുറപ്പെടുവിക്കുന്നതിനു ആവശ്യമായി വരുന്നു. "ഞാൻ ആകുന്നു"(15:1-5) എന്ന് രണ്ടുപ്രാവശ്യം പ്രയോഗിക്കുന്നതിലൂടെ പിതാവിനും വിശ്വാസിസമൂഹ

ത്തിനും മധ്യേ നിലകൊള്ളുന്നവനാണ് യേശു എന്ന സത്യം സ്പഷ്ടമാകുന്നു.

3. പിതാവും യേശുവും തമ്മിലുള്ള ബന്ധവും യേശുവും വിശ്വാസിസമൂഹവും തമ്മിലുള്ള ബന്ധവും യേശു തന്റെ ആത്മപ്രകാശനത്തിലൂടെ വ്യക്തമാക്കി. പിതാവും യേശുവും തമ്മിലുള്ള ബന്ധത്തിന് സമാന്തരമാണ് യേശുവും വിശ്വാസിസമൂഹവും തമ്മിലുള്ള ബന്ധം. പിതാവും യേശുവും തമ്മിലുള്ള ബന്ധം സുദൃഢമാണ്. മുന്തിരിച്ചെടിയിൽ നാം കാണുന്ന പ്രത്യേകതകളിൽ ഒന്ന് തായിത്തണ്ടിനോട് ഏറ്റവും അടുത്തുനില്ക്കുന്ന ശാഖയിൽ ധാരാളം മുന്തിരികൾ ഉണ്ടാകുന്നു. തായ്ത്തണ്ടിൽ അടങ്ങിയിരിക്കുന്ന ജീവരസം കൂടുതലായി വലിച്ചെടുക്കുന്നത് അതിനോടു ചേർന്നുനില്ക്കുന്ന ശാഖയാണല്ലോ. അപ്രകാരമൊരു ആഴമേറിയ ബന്ധം വിശ്വാസിസമൂഹത്തിന് യേശുവുമായി ഉണ്ടാകണമെന്ന് സാരം. വിടവാങ്ങൽ പ്രഭാഷണത്തിൽ ശിഷ്യർക്ക് സാധ്യമാകുന്ന ബാഹ്യബന്ധം യേശുവിന്റെ വിടവാങ്ങലോടുകൂടി അസാധ്യമായിത്തീരും. ഈ അവസരത്തിൽ വിശ്വാസിസമൂഹത്തിന് യേശുവുമായുള്ള നിരന്തരബന്ധം സാധ്യമാക്കിതീർക്കുന്നത് ആന്തരികമായ ഒരു അനുഭവതലത്തിലായിരിക്കും. ഈ ആന്തരികമായ ഗാഢബന്ധം വേരോടുന്നത് പ്രാർഥനയിലൂടെയാണ് (15:7–8). പ്രാർത്ഥനയിൽ ആഴപ്പെടുമ്പോൾ ആന്തരികമായ ജീവോർജം തായ്ത്തണ്ടായ യേശുവിൽനിന്നും ശാഖകയാകുന്ന വിശ്വാസിസമൂഹത്തിലേക്ക് ഒഴുകി വരുന്നു. അപ്രകാരം വിശ്വാസിസമൂഹം ഫലവാഹകരായി തീരുന്നു.

## സന്ദേശം

യേശുവും വിശ്വാസിസമൂഹവും ഗാഢമായ ബന്ധത്തിൽ എന്നും ആയിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. ഈ ബന്ധം നിലനിർത്താൻ ഇന്ന് സാധിക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. പ്രാർഥനയിലൂടെ ആഴപ്പെടുന്ന ബന്ധം വിശ്വാസസമൂഹത്തെ ചൈതന്യംകൊണ്ട് നിറയ്ക്കുന്നു. പ്രാർഥനാനിർഭരമായ ഒരു ജീവിതശൈലി ക്രൈസ് തവവിശ്വാസിസമൂഹത്തിന് ഉണ്ടാകേണ്ടത് ഇന്നിന്റെ പശ്ചാത്തലത്തിൽ ഏറെ ആവശ്യമാണ്.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## മുന്തിരിച്ചെടിയും ശാഖകളും

മിനിയപ്പൊളിസിൽവച്ച് 1977-ൽ വിശുദ്ധ മദർതെരേസ നൽകിയ ഒരു വ്യാഖ്യാനം *Co-Works News letters*-ൽ ഇങ്ങനെയാണ് കുറിച്ചത്: “ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. തായ്ത്തടിയല്ല, ശാഖകളാണ് ഫലം ചൂടുന്നത്. അതിനാൽ ശാഖകളായ നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ഓരോ ശാഖയും ദൈവത്തിന്റെ സ്നേഹത്തിന്റെ സന്ദേശവാഹകരാകണം. അതായത് ക്രിസ്തുവിന്റെ സഹപ്രവർത്തകർ.” ഇതിലേക്കുള്ളൊരു ക്ഷണമാണ് സഭാമാതാവ് ഇന്നത്തെ തിരുവചനത്തിലൂടെ നമുക്ക് നൽകുന്നത്. ഇതിന് അടിത്തറയായി നിൽക്കുന്നത് ബന്ധമാണ്. സ്നേഹത്തിൽ അടിയുറച്ചബന്ധം; ദൈവവും മനുഷ്യനും പ്രകൃതിയുമായുള്ള ഒരു വിശുദ്ധബന്ധം.

ക്രിസ്തുവിനോട് മനുഷ്യർക്ക് പൊതുവായും ക്രിസ്ത്യാനികൾക്ക് സവിശേഷവുമായുമുള്ള ബന്ധം. അവർ പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെ കൂട്ടായ്മ, ക്രിസ്ത്യാനികളുടെ പ്രവർത്തനത്തിന്റെയും ജീവന്റെയും ഉറവിടമായ ക്രിസ്തുവിന്റെ ജീവിതരീതികളും ജീവിതംതന്നെയും ഈ ഉപമയിൽ ചർച്ചയ്ക്കുവിഷയമാകുന്നുണ്ട്. മുന്തിരിച്ചെടി അനുദിനം വളർന്നുകൊണ്ടിരിക്കുന്നതുപോലെ ക്രിസ്തീയജീവിതം അനുദിനം സജീവവും ഊർജസ്വലവുമാകേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രത്യക്ഷമായും പരോക്ഷമായും പ്രതിപാദിക്കപ്പെടുന്നുണ്ട്.

പഴയനിയമത്തിൽ ഇസ്രായേലിന്റെ പ്രതീകങ്ങളാണ് മുന്തിരിച്ചെടിയും മുന്തിരിത്തോട്ടവും (ഏശ 5:1-7; ജറെ 2:21; എസെ 15; സങ്കീ 80:9-16). മനുഷ്യവംശത്തിന്റെ പ്രതീകമായും ചിലർ മുന്തിരിച്ചെടിയെ കാണാറുണ്ട്. അങ്ങനെയെങ്കിൽ വചനത്തിലൂടെ രണ്ടുകാര്യങ്ങൾ വ്യക്തമാണ്. 1. യേശുവാണ് സാക്ഷാൽ ഇസ്രായേൽ. 2. യേശുവാണ് സാക്ഷാൽ മനുഷ്യൻ. പൂർണ്ണതയുള്ള മനുഷ്യപുത്രൻ. ഈ സാക്ഷാൽ ദൈവപുത്രനെ തിരിച്ചറിയുമ്പോഴെല്ലാം നാം അനുഭവിക്കുന്നത് പിതാവിന്റെ സ്നേഹത്തിന്റെ അനുഭൂതിയാണ്. എന്നാൽ പുത്രനിൽനിന്നും അകലുമ്പോൾ, യഥാർത്ഥവിശ്വാസം തിരസ്കരി

ക്കുമ്പോൾ നാംപോലും അറിയാതെ ശാഖകൾ മുന്തിരിച്ചെടിയിൽ നിന്ന് അറ്റുപോകുകയാണ് ചെയ്യുന്നത്. അതുകൊണ്ടല്ലേ ശാഖകൾ തായ്തണ്ടിൽനിന്നും അകലുമ്പോൾ ജീവനില്ലാത്ത ഉണക്കക്കമ്പുകൾ ആയിത്തീരുന്നത്.

യേശുവിന്റെ ജീവിതം ഒന്നുപരിശോധിച്ചാൽ ഇതിന് ഒത്തിരി ഉദാഹരണങ്ങൾ കാണാൻസാധിക്കും. വല നന്നാക്കിയിരുന്നവർ യേശുവിന്റെ സ്നേഹം ആസ്വദിച്ചപ്പോൾ ആ സ്നേഹത്തിനുവേണ്ടി സ്വന്തം ജീവൻപോലും നൽകുന്നവരായി മാറിയില്ലേ; കിണറ്റിൻകരയിൽ കാലിക്കുടവുമായി വെള്ളത്തിനായി ദാഹിച്ചു നിന്നവൾ, യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ, ഹൃദയം യഥാർത്ഥ വിശ്വാസത്തിന്റെ നിറകുടമായി നിറഞ്ഞുതുളുമ്പുകയും അനേകർക്ക് ക്രിസ്തുവിശ്വാസത്തിന്റെ ദാഹശമനിയുമായി തീർന്നില്ലേ, എന്തിനേറെ, കുന്തം തന്റെ മാറുകുത്തി പിളർത്തിയപ്പോൾപോലും ആ ശരീരത്തിലെ വിശുദ്ധരക്തം സൗഖ്യമായിമാറിയില്ലേ. ഇന്നും ആ ശരീരത്തിലെ വിശുദ്ധരക്തം കോടാനുകോടി ജനങ്ങൾക്ക് ജീവനേകുന്ന തിരുരക്തമായി നിലകൊള്ളുന്നതും ആ സ്നേഹത്തിന്റെ ഉറപ്പിൽത്തന്നെ.

അതേ, ശാഖകൾ എന്നും തായ്തണ്ടിനോട് ചേർന്നുനിൽക്കേണ്ടതുതന്നെയാണ്. എങ്കിൽമാത്രമേ അതിനു ജീവനുണ്ടാവൂ. അനുദിനം പ്രാർത്ഥനകൊണ്ടും പ്രവർത്തനംകൊണ്ടും ആ ബന്ധം കൂടുതൽ ഊട്ടിഉറപ്പിക്കാം. എങ്കിൽമാത്രമേ, അത് ഫലം നൽകുന്ന മുന്തിരിച്ചെടികളായി മാറൂ. അപ്പോൾ നാം പോലും അറിയാതെ കൽഭരണികൾ മേൽത്തരം വീഞ്ഞിനാൽ നിറഞ്ഞ് ഒഴുകും. അത് കുടുംബബന്ധങ്ങളിലും സാമൂഹികജീവിതമേഖലകളിലും ഒരു പുത്തൻ ഉണർവായി മാറും. അതാണ് ക്രിസ്തുവിന്റെ ഇഷ്ടവും. ക്രിസ്തുവിന്റെ നേട്ടവും.

**ഫാ. പ്രിൻസ് മാളിയേക്കൽ**

# മെയ് 09
# പെസഹാക്കാലം 6-ാം ഞായർ

## ഭാഷ്യം

അപ്പ 10:25-26, 34-35, 44-48; 1 യോഹ 4:7-10;

യോഹ 15:9-17

## സന്ദർഭം

വിടവാങ്ങൽ പ്രസംഗം (14-16 അധ്യായങ്ങൾ) യേശുവിന്റെ മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവ സൂചിപ്പിക്കുന്നതോടൊപ്പം യേശുവിന്റെ വിടവാങ്ങലിന് ശേഷം എപ്രകാരം വിശ്വാസിസമൂഹം ജീവിക്കണമെന്ന ആശയവും പങ്കുവയ്ക്കുന്നു. മുന്തിരിച്ചെടിയും ശാഖകളും(15:1-8)എന്ന ഉപമയിലൂടെ വിശ്വാസിസമൂഹം യേശുവിന്റെ വിടവാങ്ങലിന് ശേഷവും അവിടുന്നുമായി പ്രാർത്ഥനയിലൂടെ ഐക്യപ്പെട്ട് ജീവിക്കുന്നതിന്റെ ആവശ്യകത സുവിശേഷകൻ വിവരിക്കുന്നു. തുടർന്ന് വിശ്വാസിസമൂഹം ആകമാനം പരസ്പരസ്നേഹത്തിൽ ആഴപ്പെടുമ്പോൾ അവിടുത്തെ വിടവാങ്ങലിനുശേഷവും യേശുവുമായുള്ള ബന്ധം നിലനിർത്താൻ കഴിയുമെന്ന് ഇന്നത്തെ വചനഭാഗത്തിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നു.

## സാരം

1. യേശുവിന്റെ വിടവാങ്ങലിന് ശേഷം വിശ്വാസിസമൂഹത്തിന് അവിടുന്നുമായി എപ്രകാരം ഗാഢമായ ബന്ധത്തിൽ ആയിരിക്കാമെന്ന കാഴ്ചപ്പാടാണ് ഇവിടെ ലഭിക്കുന്നത്. പ്രാർത്ഥനയിലൂടെ വിശ്വാസിസമൂഹം യേശുവുമായി ശരിയായ ബന്ധത്തിൽ ആയിരിക്കുന്നതോടൊപ്പം മറ്റുതലങ്ങളിലും ഈ ബന്ധം സാധ്യമാണെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. അവയിൽ ഒന്ന് പരസ്പരസ്നേഹമാണ് (15:12). അതായത്, വിശ്വാസിസമൂഹത്തിൽ ഓരോരുത്തരും

അനുവർത്തിക്കേണ്ട ഒരാന്തരിക വ്യക്തിബന്ധത്തെയാണ് ഇത് അർത്ഥമാക്കുന്നത്. മുന്തിരിച്ചെടിയെ സൂക്ഷ്മമായ ഒരു പഠനത്തിന് വിധേയമാക്കുമ്പോൾ ശാഖകൾ പരസ്പരം വേർതിരിച്ചെടുക്കാനാകാത്ത വിധം കെട്ടുപിണ ഞ്ഞ് കിടക്കുന്നതായി കാണാം. ഏതെങ്കിലും ഒരു ശാഖയുടെ ആരംഭമോ മറ്റൊരു ശാഖയുടെ അവസാനമോ സൂക്ഷ്മ ദൃഷ്ടിയുള്ള ഒരാൾക്കുപോലും കണ്ടെത്താനാകില്ല. ഒരു ശാഖയ്ക്കുപോലും തനത് വ്യക്തിത്വമില്ല. ഓരോ ശാഖയും ചെടിയുടെ ഭാഗമാണ്; ഒപ്പം ഇതര ശാഖകളുടെ കൂട്ടായ്മയുമാണ്. ഓരോ ശിഖരവും വഹിക്കുന്ന ഫലം ആ ശിഖരത്തിന്റെ സ്വന്തമല്ല, എല്ലാ ശാഖകളുടെയും കൂട്ടായ്മയുടെ ഫലമാണ്. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ ' എന്ന് യേശു പ്രസ്താവിക്കുമ്പോൾ യേശുവും വിശ്വാസിസമൂഹവും തമ്മിലുള്ള ഗാഢബന്ധത്തെയാണ് (15:5) യേശു അർത്ഥമാക്കുന്നത്. യേശുവിന്റെ വിടവാങ്ങലിനുശേഷവും അവിടുന്നുമായി വിശ്വാസസമൂഹം ഐക്യപ്പെട്ട് കഴിയുന്നത് പരസ്പരമുള്ള ഗാഢബന്ധത്തിലൂടെയാണ്.

2. യേശുവിന്റെ വിടവാങ്ങലിന് ശേഷവും വിശ്വാസിസമൂഹത്തിന് അവിടുന്നുമായി ഐക്യത്തിൽ നിലനില്ക്കാൻ കഴിയുന്ന മറ്റൊരു തലമാണ് സമഭാവന: 'സ്നേഹിതർ' (15:15). ഇവിടെയും മുന്തിരിചെടിയും ശാഖകളും എന്ന പ്രതീകം അർത്ഥപൂർണമാകുന്നു. ഒരു ശാഖയും മറ്റൊരു ശാഖയെക്കാൾ ഉന്നതമല്ലായെന്നും ഒരു ശാഖയ്ക്കും മറ്റൊന്നിനെക്കാൾ മേന്മയില്ലെന്നും മനസ്സിലാക്കാൻ കഴിയും. മറ്റൊരു വാക്കിൽ പറഞ്ഞാൽ എല്ലാ ശാഖകളും തുല്യമാണ്. അതായത്, അധികാരശ്രേണി (Hierarchy) കല്പിക്കാത്ത, അടിമ ഉടമ (Servant - Lord) വിവേചനം ഇല്ലാത്ത, ഒരു സമത്വം വിശ്വാസിസമൂഹത്തിൽ സംജാതമാക്കുക എന്നതാണ്. ഓരോ അംഗവും (ശാഖയും) ദൈവത്തിന്റെ മുന്നിൽ തുല്യ പദവിയും പ്രതാപവുംകൊണ്ട് വേർതിരിക്കപ്പെടാത്ത ഒരു നവവിശ്വാസിസമൂഹം യാഥാർത്ഥ്യമാക്കാനുള്ള വിളിയും വെല്ലുവിളിയുമാണ് സമഭാവനകൊണ്ട് ഉദ്ദേശിക്കുന്നത്.

3. യേശുവിന്റെ വിടവാങ്ങലിനുശേഷവും യേശുവുമായി ഗാഢബന്ധം പുലർത്തുന്നതിന് ലഭിക്കുന്ന മറ്റൊരു തലം കൂടി സുവിശേഷകൻ മുന്നോട്ടുവയ്ക്കുന്നു. വിശ്വാസിസമൂഹം ഫലം പുറപ്പെടുവിക്കുന്നതിലൂടെയും അത് നിലനിർത്തുന്നതിലൂടെയുമാണ് ഇത് സാ

ധ്യമാക്കുന്നത് (15:16b). വിശ്വാസിസമൂഹം നിയോഗിക്കപ്പെട്ടിരിക്കുന്നത് ഫലം പുറപ്പെടുവിക്കാനും അത് നിലനിർത്താനുമാണ്. ഇതിൽ ഒരു നിയോഗവും ദൗത്യവും അടങ്ങിയിരിക്കുന്നു. വീണ്ടും മുന്തിരിച്ചെടി യും ശാഖകളുമെന്ന പ്രതീകത്തിലേക്ക് സുവിശേഷകൻ വായനക്കാരെ തിരികെകൊണ്ടുവരുന്നു. തായ്ത്തണ്ടിനോട് ചേർന്നുനില്ക്കുന്ന ശാഖകളേ കൂടുതൽ ഫലം നല്കുന്നുള്ളൂവെന്ന് മുന്തിരിച്ചെടിയെ വീക്ഷിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. യേശുവിന്റെ വിടവാങ്ങലിന് ശേഷവും വിശ്വാസിസമൂഹം അവിടുന്നുമായി ഐക്യപ്പെട്ടിരിക്കുന്നുവെന്നത് ബോധ്യപ്പെടുന്നത് വിശ്വാസിസമൂഹം തങ്ങൾക്ക് ലഭിച്ച നിയോഗത്തിനും ദൗത്യത്തിനുമനുസൃതമായി ഫലം പുറപ്പെടുവിക്കുമ്പോഴാണ്.

## സന്ദേശം

സഭാസമൂഹം പരസ്പരസ്നേഹബന്ധത്തിൽ ഇഴചേർക്കപ്പെട്ടവരാണ്, വിശ്വാസസമൂഹം വേർതിരിവുകളില്ലാത്ത സമഭാവനയുടെ പ്രതിരൂപമാണ്. വിശ്വാസിസമൂഹം നിരന്തരം ഫലം പുറപ്പെടുവിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. ഓരോരുത്തരും തിരിച്ചറിയേണ്ടതും ഇതുതന്നെയാണ്. ഞാൻ വിശ്വാസിസമൂഹത്തിൽ ഒറ്റപ്പെട്ടവനല്ലെന്നും ഞാനും മറ്റുള്ളവരും ഒന്നാണെന്നും ഫലം പുറപ്പെടുവിക്കാനുള്ള ദൗത്യത്തിൽ ഞാനും പങ്കാളിയാണെന്നുമുള്ള സത്യം.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ജീവൻ കൊടുത്ത് സ്നേഹിക്കുക

ക്രിസ്തു മരണത്തിനുമുന്നേ കൂടെനടന്നവരെയൊക്കെ ചേർത്തു പിടിക്കുന്നു. അവന്റെ ജീവിതത്തിലെ അവസാനവിരുന്നിന്റെ മുന്നിൽ ക്രിസ്തുവിന്റെ ഒടുവിലത്തെ ഓർമപ്പെടുത്തലാണ് ഇന്നത്തെ വചനവായന.

സ്നേഹിക്കണം.... വെറുതെ സ്നേഹിച്ചാൽ പോരാ. അവൻ സ്നേഹിച്ചതുപോലെ സ്നേഹിക്കണം. പതിമൂന്നാം തിരുമൊഴി അതിന്റെ സൂചനയാണ്. ജീവൻ കൊടുത്തുസ്നേഹിക്കണം. അതിലും വലിയ ഒരു സ്നേഹവും കണ്ടെത്താനാവില്ല. ഇനിയൊട്ട് ഉണ്ടാവുകയുമില്ല. അപ്പോൾ ഒന്നുറപ്പാണ് ക്രിസ്തുവിനോളം ഈ ഭൂമിയെ ആരും സ്നേഹിച്ചുകാണില്ല. അതുകൊണ്ടൊക്കെയാവണം അവന്റെ സ്നേഹത്തിനുമുന്നിൽ മനുഷ്യസ്നേഹങ്ങളൊക്കെ തുലോം നിസ്സാരമായി പോകുന്നത്.

സ്നേഹത്തിന്റെ ഓരോ സമർപ്പണത്തിനുപിന്നിലും മുറിവേൽക്കാൻ തയ്യാറാകുന്ന ഒരുവന്റെ ബലിച്ചോരയുടെ മണമുണ്ട്. രക്ഷാകരചരിത്രം പൂവിടാൻ മനുഷ്യന്റെ നിന്ദനങ്ങൾക്കും പീഡനങ്ങൾക്കും ഒടുവിൽ മരണത്തിനും സ്വന്തം പുത്രനെ ഏൽപ്പിച്ചു കൊടുക്കേണ്ടിവന്ന ഒരപ്പൻ ദൈവം. കുരിശിലേക്ക് നടന്നുകയറുന്ന ത് വിങ്ങുന്ന ഹൃദയത്തോടെ കാണേണ്ടിവന്ന മറിയം എന്ന അമ്മ, ഒരു മുപ്പത്തിമൂന്നുകാരന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ത്യജിച്ച്, കുരിശിന്റെ നിയോഗത്തിലേക്ക് ചുവടുവച്ച ക്രിസ്തു. എല്ലാ സമർപ്പണങ്ങൾക്കും ബലിചോരയുടെ മണമുണ്ട്; കാരണം അതൊക്കെ സ്നേഹത്തിനുവേണ്ടിയായിരുന്നു.

സ്നേഹത്തിനുവേണ്ടി ബലിയാകേണ്ട മനുഷ്യൻ അവനവനുവേണ്ടി സ്നേഹത്തെ ബലികഴിക്കുന്നു എന്നതാണ് ഈ കാലത്തിന്റെ ഏറ്റവും വലിയ ദുരിതവർത്തമാനം. അത്തരം കഥകൾക്ക് ഉത്പത്തി പുസ്തകത്തോളം പഴക്കമുണ്ട്. ഭൂമി കണ്ടതിൽവച്ച് ഏറ്റവും ഭാഗ്യപ്പെട്ടവർ ആദവും ഹവ്വായുമാണെന്നു തോന്നുന്നു. ദൈവത്തിന്റെ സമൃദ്ധികാണാനും അനുഭവിക്കാനും തരപ്പെട്ട ഭാഗ്യജന്മങ്ങൾ. എന്നിട്ടും ഒരു പ്രലോഭനത്തിന്റെ തിളക്കത്തിൽ അവർ എല്ലാം നഷ്ട

പ്പെടുത്തുന്നുണ്ട്. വിലക്കപ്പെട്ട കനിക്കുമുന്നിൽ മനുഷ്യൻ ദുർബല നാകുന്നു. പാപത്തിന്റെ ചുവയുള്ള കനിക്കുവേണ്ടി അവൻ പോലു മറിയാതെ അവനെ പൊതിഞ്ഞുനിന്ന ദൈവത്തിന്റെ സ്നേഹത്തെ മനുഷ്യൻ ബലികൊടുക്കുന്നു. സ്നേഹത്തെ തള്ളിപ്പറഞ്ഞവർക്കൊ ക്കെ എങ്ങനെയാണ് സ്വർഗത്തെ സ്വപ്നം കാണാൻ സാധിക്കുക.

മനുഷ്യൻ മറ്റാരോടെന്നതിനേക്കാളും അവനവനോടുതന്നെ വ ല്ലാതെ മമത കാണിക്കുന്ന കാലത്തിന്റെ കുതിപ്പിലാണ് നാം. തേ ച്ചൊട്ടിച്ച ഒരു പുഞ്ചിരിക്കുപിറകിൽ മൃഗംപോലും അറച്ചുപോകുന്ന വന്യതകൾ ചിലപ്പോഴെങ്കിലും അവൻ ഒളിപ്പിക്കുന്നുണ്ട്. സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി ഏതറ്റംവരെയും പോകും. ആരെയും നശി പ്പിക്കും. പഴയനിയമത്തിന്റെ ഏടുകളിൽ ഒരു രാജാവിനെ ഓർത്തെ ടുക്കുന്നു: ആഹാബ്. നാബോത്തിന്റെ മുന്തിരിത്തോട്ടം കിനാവുക ണ്ടിറങ്ങിയവനാണ്. അഭിലഷിച്ചതു കിട്ടാതെ വരുമെന്നായപ്പോൾ ഭാര്യയുടെ കുതന്ത്രങ്ങൾക്ക് നേരെ മൗനിയായി നിന്ന് നാബോത്തി ന്റെ രക്തക്കറയുടെ പങ്കുപറ്റുന്നുണ്ട്.

ഗുരുതുല്യനായ വിൻസന്റ് വാര്യത്തച്ചന്റെ വാക്കുകളോർക്കു ന്നു. 'അവനവനിൽ തുടങ്ങി അവനിൽത്തന്നെ കുടുങ്ങി അവനവ നിൽത്തന്നെ ഒടുങ്ങുന്ന ഒരു വിചിത്രജീവിയാണ് മനുഷ്യൻ'. അങ്ങ നെയുള്ളവർക്കൊക്കെ എങ്ങനെയാണ് സ്നേഹിക്കാനാവുക? ക്രിസ് തു പറഞ്ഞതൊക്കെയും പരസ്പരം സ്നേഹിക്കുക എന്നുത ന്നെ. പതിനേഴാം വാക്യം അതുതന്നെയാണ്. ഒരു മനുഷ്യനിലെ അവന വൻ കടമ്പചാടി കടക്കാനുള്ള ക്ഷണമാണത്. അല്ലാതെ തരമില്ല. കാരണം, ഒരു തീർത്ഥാടനംപോലെയാണ് സ്നേഹിക്കുന്നതൊക്കെ. അവനവനിൽ നിന്നുണർന്ന് അപരനിലേക്കുയർന്ന് ദൈവത്തിൽ അമ രുന്ന തീർത്ഥാടനമാണ് സ്നേഹം. അവനവനിൽ കുടുങ്ങികിടക്കു ന്നവന് എങ്ങനെയാണ് അപരനിലേക്കു കടക്കാനാവുക? സക്കേവൂ സിലേക്ക് നോക്കണം അവനും കുടുംബവും രക്ഷപ്രാപിച്ചു എന്ന് വേദപുസ്തകം. സ്നേഹത്തെ തിരിച്ചറിഞ്ഞു എന്നതാണ് അവന്റെ ജീവിതത്തിന്റെ സുവിശേഷം. പണത്തിന്റെ ആസക്തികളെ ബലി കഴിക്കുമ്പോൾ സക്കേവൂസ് അവനിൽ നിന്നുണരുന്നു. പറ്റിച്ചും വഞ്ചിച്ചും എടുത്തതെല്ലാം ഇരട്ടിയും നാലിരട്ടിയായും തിരികെ കൊടു ക്കുമ്പോൾ അവൻ അപരനിലേക്കുയരുന്നു. ഒടുവിൽ ക്രിസ്തുവിൽ വിലയംപ്രാപിക്കുമ്പോൾ അവൻ ദൈവത്തിൽ അമരുന്നു. അവനവ

നിൽനിന്നുണർന്ന് അപരനിലേക്കുയർന്ന് ദൈവത്തിൽ അമരുന്ന സ ക്കേവൂസിൽ രക്ഷയുടെ നീർച്ചാൽ പൊട്ടിയൊലിച്ചു തുടങ്ങുന്നു. അ ല്പം ലളിതമായി പറഞ്ഞാൽ അവൻ സ്നേഹിച്ചുതുടങ്ങി എന്നർ ത്ഥം.

സ്നേഹം ബലികഴിക്കുന്നവരെക്കാൾ സ്നേഹത്തിനുവേണ്ടി ബലിയാകാൻ നെഞ്ചുറപ്പുള്ളവരിലാണ് ഭൂമിയുടെ ഉപരിപ്രത്യാശ. അത്തരം ചില വിശുദ്ധജീവിതങ്ങൾ ചരിത്രത്തിന്റെ യവനികയ്ക്കു പിന്നിൽ നിറഞ്ഞാടിയിട്ടുണ്ട്. കുടുംബത്തെയോർത്ത്, പിറന്ന കുഞ്ഞിനെയോർത്ത് വാവിട്ടുനിലവിളിക്കുന്ന മനുഷ്യന്റെ മരണത്തിന് പകരക്കാരനാകുന്ന ഫാ. മാക്സിമില്യൻ കോൾബെ. കുഷ്ഠം നിറഞ്ഞ മൊളോക്കോ ദ്വീപിൽ സുവിശേഷംപോലെ എത്തിച്ചേർന്ന് അവരെ ശുശ്രൂഷിക്കുന്ന ഫാ. ഡാമിയൻ, പെറ്റതള്ളപോലും ഉപേക്ഷിച്ചിട്ടുപോയ അഴുക്കുനാറുന്ന കുരുന്നുജീവിതങ്ങളെ കൊൽക്കൊത്തയുടെ തെരുവുകളിൽനിന്നെടുത്ത് നെഞ്ചോടുചേർത്ത് ചുംബിച്ച വിശുദ്ധ മദർ തെരേസ. പാവങ്ങളുടെ അപ്പനായിരുന്ന കുറ്റിക്കലച്ചൻ... ജീവിതങ്ങൾ പലതിങ്ങനെ കൺമുന്നിൽ മിന്നിമറയുന്നുണ്ട്. ഒന്നുറപ്പാണ് ക്രിസ്തുവിന്റെ കണക്ക് സ്നേഹിക്കാൻ കരളുറപ്പ് കാണിക്കുന്ന ജന്മങ്ങൾക്കുമാത്രമേ സ്നേഹത്തിനുവേണ്ടി ബലിയാകാനാവൂ.

പ്രിയസഹോദരങ്ങളേ, ഞാൻ സ്നേഹിക്കുന്നതുപോലെയല്ല അവൻ സ്നേഹിച്ചതുപോലെ ജീവൻകൊടുത്തും സ്നേഹത്തിനുവേണ്ടി ബലിയാകാൻ നിനക്കും എനിക്കും കഴിയട്ടെ.

**ഫാ. മിഥുൻ ജോസഫ് ചെമ്മായത്ത്**

# മെയ് 16
# കർത്താവിന്റെ സ്വർഗാരോഹണം

## ഭാഷ്യം

### അപ്പ 1:1-11; എഫേ 4:1-13; മർക്കോ 16:15-20

## സന്ദർഭം

യേശുവിന്റെ പീഡാനുഭവം ശിഷ്യന്മാരിൽ ഒരാളായ യൂദാസിന്റെ ഒറ്റുകൊടുക്കലിലൂടെ ആരംഭിച്ച് (14:43-52) യേശുവിന്റെ മരണത്തോടെ അവസാനിക്കുകയാണ് (15:33-39). പീഡാനുഭവിവരങ്ങളിലുട നീളം പ്രധാനപുരോഹിതർ, നിയമജ്ഞർ, ജനപ്രമാണികൾ എ ന്നിവർ യേശുവിനെതിരായി നിലനില്ക്കുമ്പോൾ ശതാധിപന്റെ വി ശ്വാസപ്രഖ്യാപനം (15:39) യേശുവിൽ വിശ്വസിക്കുന്നവരുടെ ശബ്ദമായി മാറുന്നു. മരണത്തോടുകൂടി യേശുസംഭവം അവസാനിച്ചില്ലായെന്ന സത്യം യേശുവിന്റെ തിരുവുത്ഥാനം (16:1-8) വിവരിച്ചുകൊണ്ട് മർക്കോസ് വ്യക്തമാക്കുന്നു. ഇവിടെ യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റതിനുശേഷം ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്ന വിവരണങ്ങളും (16:9-14) ദൗത്യം നല്കി ശിഷ്യഗണത്തിനു പ്രേഷിതദൗത്യം നല്കുന്നതും (16:15-18) യേശുവിന്റെ സ്വർഗാരോഹണ വിവരണവും (16:19-20) കാണാം. ഇന്നത്തെ സുവിശേഷഭാഗം മേൽപറഞ്ഞ അവസാനത്തെ രണ്ട് സംഭവങ്ങൾ ഉൾച്ചേരുന്നവയാണ്.

## സാരം

1. വിവരണത്തിന്റെ സ്ഥലകാലങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും സ്വർഗാരോഹണം നടന്നിരിക്കുന്നത് ദൈവിക സാന്നിധ്യം ഉൾക്കൊള്ളുന്ന പർവതശിഖരത്തിൽ നിന്നാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ലൂക്കായുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനവും യേശുവിന്റെ ഉത്ഥാനം കഴിഞ്ഞ് 40-ാം ദിനമാണ് സ്വർഗാരോഹണം സംഭവിക്കുന്നത് എന്നുകൂടി കൂട്ടിചേർക്കുന്നു. ഈ ചുരുങ്ങിയ കാലയളവിൽ യേശു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതായും ഈ വിവരണങ്ങളിൽ കാണാം. എന്നാൽ മത്തായിയും മർക്കോസും നല്കുന്ന വിശദീകരണത്തിൽ ഇപ്രകാരമൊരു കാലയളവ് സൂചിപ്പിക്കുന്നില്ല. എന്നാൽ സ്വർഗാരോഹണവേളയിൽ യേശു തന്റെ ചുറ്റും

നില്ക്കുന്നവർക്കായി നല്കുന്ന ശക്തവും അടിസ്ഥാനപരവുമായ സന്ദേശത്തിനാണ് ഈ വിവരണങ്ങൾ എല്ലാം ഊന്നൽ നല്കുന്നത്.

2. ‘‘നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (16:15). യേശു ശിഷ്യർക്ക് നല്കുന്ന പ്രേഷിതദൗത്യത്തിൽ പ്രകടമായി നില്ക്കുന്നത് ‘പോയി’ എന്നാണ്. ‘പോയി’അഥവാ,‘പോകുക’ ‘go’എന്ന പ്രവൃത്തിപദത്തിൽ ചലനാത്മകതയുടെ പൂർണ്ണമായ ഉൾക്കാമ്പു നിറഞ്ഞുനില്ക്കുന്നു. സുവിശേഷകൻ വളരെ വ്യക്തമായും കൃത്യമായും ശിഷ്യർ അനുവർത്തിക്കേണ്ട യാത്രയെ -ചലനത്തെ- അടിവരയിട്ട് രേഖപ്പെടുത്തുന്നു. പ്രസ്തുത ശിഷ്യദൗത്യം യേശുവിന്റെ പ്രഘോഷണ രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു: “അവൻ ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു” (6:7). തന്റെ ദൗത്യത്തിൽ പങ്കുകാരാകാൻ ക്ഷണിക്കപ്പെട്ട ശിഷ്യരും യാത്രചെയ്ത് - സഞ്ചരിച്ച് വചനം പ്രഘോഷിക്കാൻ യേശു നിയോഗിച്ചു: “അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്, പഠിപ്പിച്ചുകൊണ്ടിരുന്നു”(6:7a). “അവൻ തൻെറ പന്ത്രണ്ടുപേരെ അടുത്തു വിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി.” (6:7b). “ശിഷ്യർ പുറപ്പെട്ട്, ജനങ്ങളോട് പ്രസംഗിച്ചു”(6:12). അങ്ങനെയെങ്കിൽ പ്രേഷിതദൗത്യം-സുവിശേഷ പ്രഘോഷണം - അടഞ്ഞ മുറിക്കുള്ളിലിരുന്നുള്ള ശുശ്രൂഷയല്ല, അത് പുറത്തേയ്ക്കിറങ്ങിയുള്ള ശുശ്രൂഷയാണെന്ന് മർക്കോസ് വിവക്ഷിക്കുന്നു.

3. എന്തിനുവേണ്ടിയാണ് ശിഷ്യർ ചലനാത്മകരാകേണ്ടതെന്ന് വ്യക്തമാണ്: സുവിശേഷം പ്രഘോഷിക്കാൻ വേണ്ടിയാണ് ശിഷ്യർ യാത്ര ചെയ്യേണ്ടത്. ശിഷ്യരുടെ ഈ സുവിശേഷ യാത്ര ‘എല്ലാ സൃഷ്ടികളിലും’ എത്തിക്കുന്നതിലാണ് ലക്ഷ്യം കൈവരുന്നത്. അങ്ങനെ സുവിശേഷപ്രഘോഷണത്തിന് ഒരു സാർവത്രികത കൈവരുന്നു.

4. അപ്പസ്തോലപ്രവർത്തനത്തിൽനിന്നുള്ള ഒന്നാം വായനയിൽ മൂന്ന് കാര്യങ്ങളാണ് ഉള്ളത്. ഒന്ന്, ലൂക്കാ സുവിശേഷവുമായുള്ള ബന്ധം (1:1-2). രണ്ട്, പീഡാസഹനത്തിനുശേഷം സ്വർഗാരോഹണം വരെയുള്ള സമയത്ത് യേശു ശിഷ്യർക്കു നല്കിയ നിർദേശങ്ങൾ (1:3-8). മൂന്ന്, സ്വർഗാരോഹണം (1:9-11). ഇതിലൂടെ സുവിശേഷകന്റെ ലക്ഷ്യം പുതിയ സമൂഹത്തിന്റെ അടിസ്ഥാനവും പ്രവർത്തന

ലക്ഷ്യവും ശൈലിയും വ്യക്തമാക്കുക എന്നതാണ്. യേശുവിന്റെ തുടർച്ചയാണ് അപ്പസ്തോലപ്രവർത്തനം വിവരിക്കുന്ന പുതിയസമൂഹം. സർവജനങ്ങൾക്കും സുവിശേഷമറിയിക്കേണ്ട തുറവുള്ള സമൂഹമാണിത്. ക്രിയാത്മകതയാണ് ഈ സമൂഹത്തിന്റെ ജീവിതശൈലി. സ്വർഗാരോഹണത്തിനുമുമ്പ് യേശു നല്കുന്ന പ്രേഷിത ദൗത്യത്തിൽ ഇത് പ്രസ്പഷ്ടമാണ്: "ജറുസലെമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (1:8). ദൈവരാജ്യത്തെക്കുറിച്ച് രാഷ് ട്രീയമായ സ്വപ്നങ്ങൾ കണ്ടിരുന്ന ശിഷ്യർക്ക് യേശുവിന്റെ മറുപ ടി ഒരു വെല്ലുവിളിയായി. പ്രവർത്തനനിരതരാകാനുള്ള ആഹ്വാനമാണ് സ്വർഗാരോഹണം നല്കുന്നത്. നിഷ്ക്രിയരായി വെറുതെ നോക്കിനിന്നാൽ പോരാ (1:11a- "അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതെന്ത്?"). ശിഷ്യരുടെ ദൗത്യനിർവഹണയാത്ര അവിടെ ആരംഭിച്ചു. യേശുവിന്റെ രണ്ടാം വരവുവരെയുള്ള കാലഘട്ടം പ്രവർത്തനത്തിന്റെ സമയമാണ് (1:11b: "സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും").

## സന്ദേശം

ക്രിസ്തുശിഷ്യർ നിരന്തരം പ്രവർത്തനനിരതരാകേണ്ടവരാണ്. യേശുവിന്റെ സ്വർഗാരോഹണവും രണ്ടാം വരവും രണ്ട് അറ്റങ്ങളാണ്. ഇതിനിടയിലാണ് ക്രിസ്തു ശിഷ്യരുടെ ക്രിയാത്മകതയുടെ പ്രസക്തി. ലോകത്തെല്ലായിടത്തും യേശുവിന്റെ ദൗത്യം എത്തിക്കാനുള്ള പരിശ്രമമാണ് നമുക്കുള്ള വെല്ലുവിളി.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ത്യാഗത്തിനേ തിളക്കമുള്ളൂ

തെക്കെ ആഫ്രിക്കയുടെ പ്രസിഡന്റായിരുന്ന നെൽസൺ മണ്ടേല സ്വാതന്ത്ര്യ സമരപ്രസംഗത്തിൽ 1953 സെപ്തംബർ 21-ൽ ഇപ്രകാരം പറഞ്ഞു: 'സ്വാതന്ത്ര്യത്തിൽ കുറുക്കുവഴികളില്ല; മാത്രമല്ല നമ്മുടെ ആഗ്രഹപൂർത്തീകരണത്തിന്റെ കൊടുമുടിയിലെത്തുന്നതിനുമുമ്പു നമ്മളിൽ പലരും മരണത്തിന്റെ നിഴൽവീണ താഴ്വര യിൽക്കൂടി കടന്നുപോകേണ്ടിവരും'. തന്റെ ദൗത്യത്തെക്കുറിച്ചും സ്വന്തം രാജ്യത്തിനു കൈവരാനിരിക്കുന്ന നന്മയെക്കുറിച്ചും ഓർക്കുമ്പോൾ സഹനങ്ങൾ നിസ്സാരങ്ങളായി അനുഭവപ്പെടും. ദൗത്യം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സഹനത്തെക്കുറിച്ചും അത് നിർവഹിച്ചുകഴിയുമ്പോൾ കൈവരുന്ന സന്തോഷത്തെയുമാണ് ഇവിടെ ശ്രവിക്കാനാവുന്നത്.

മർക്കോസിന്റെ സുവിശേഷം 15,16 അധ്യായങ്ങൾ ദൗത്യം നിർവഹിക്കുന്നവരുടെ മനോഭാവം എപ്രകാരമായിരിക്കണം എന്ന് സൂചിപ്പിക്കുന്നതാണ്. പതിനാറാം അധ്യായത്തിന്റെ അവസാനഭാഗം യേശു തന്റെ ഉത്ഥാനാനന്തരം ശിഷ്യർക്ക് പ്രേഷിതദൗത്യം ഭരമേൽ പ്പിക്കുന്നതാണ്. സഹനം, മരണം, ഉത്ഥാനം എന്നിവ ഒരു പ്രേഷിത ദൗത്യനിർവഹണത്തിലെ ഘടകങ്ങളാണ്. ദൗത്യം നിർവഹിക്കുമ്പോൾ അതിനുള്ളിൽ അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധികളും അത് നിർവഹിച്ചുകഴിയുമ്പോൾ ഉണ്ടാകുന്ന സംതൃപ്തിയും തിരുവചന ഭാഗത്ത് കാണാം. നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:16). ഇതാണ് ദൗത്യം. ആ ദൗത്യനിർവഹണത്തിനകത്ത് ഉണ്ടാകാവുന്ന തിക്താനുഭവങ്ങളാണ് വിശ്വസിക്കാതിരിക്കുകയെന്നതും പിന്തള്ളപ്പെടുകയെന്നതും. എന്തെല്ലാം പ്രതികൂലാനുഭവങ്ങൾ ഉണ്ടായാലും ദൈവരാജ്യത്തിനുവേണ്ടി ത്യാഗങ്ങൾ ഏറ്റെടുത്ത് ദൈവികദൗത്യം നിർവഹിക്കുകയെന്നതാണ് തിരഞ്ഞെടുക്കപ്പെട്ടവന്റെ കടമ. പ്രേഷിതദൗത്യനിർവഹണത്തിനുള്ള സംരക്ഷണവും കർത്താവ് ഒരുക്കുന്നുണ്ട്. മാരകമായ എന്തുകുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും (മർക്കോ 16:18).

പഴയനിയമത്തിൽ ദൈവം തന്റെ ദൗത്യനിർവഹണത്തിനായി നിയോഗിക്കുന്ന ഏതൊരുവ്യക്തിയുടെ ജീവിതത്തിലും സഹനങ്ങളുടെ ഈ അനുഭവവും സംരക്ഷണവുമുണ്ടായിരുന്നു. അബ്രാഹം, മോശ തുടങ്ങി എല്ലാ പൂർവപിതാക്കന്മാരിലും പ്രവാചകരിലും ദൗത്യനിർവഹണത്തിനിടയിൽ അനുഭവിക്കേണ്ടിവരുന്ന തിക്താനുഭവങ്ങളുടെ നീണ്ടനിരതന്നെയുണ്ട്. ഏത് പ്രതികൂലാനുഭവമുണ്ടായപ്പോഴും അതിന് മധ്യേ ദൈവത്തിന്റെ സ്വരം കേൾക്കാൻ അവർ തയ്യാറായി. അതാണ് ദൗത്യം ഏറ്റെടുത്തവന്റെ മനോഭാവം. ദൈവം പറഞ്ഞ സ്ഥലമെത്തിയപ്പോൾ, അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു (ഉത്പ 22:9) അവിടെ ദൗത്യനിർവഹണത്തിലുള്ള അനുസരണവും ചെയ്യുന്ന പ്രവർത്തിയിലെ സംതൃപ്തിയുമാണ് പ്രകടമാകുന്നത്. ദൗത്യനിർവഹണത്തിനിടയിൽ എന്തു പ്രതിസന്ധി നേരിട്ടാലും ദൈവം പറഞ്ഞ സ്ഥലത്തുനിൽക്കുക എന്നതാണ് യഥാർത്ഥ ദൗത്യവാഹകന്റെ ശൈലിയെന്ന് ഓർമിപ്പിക്കുകയാണ് പൂർവപിതാവായ ജോസഫിന്റെ ജീവിതം. അത് എന്റെ കഴിവല്ല (ഉത്പ 41:16). എന്ന് ഫറവോയോട് പറയാൻ ജോസഫിനെ പ്രേരിപ്പിച്ചതും ഈ ശൈലിയാണ്. മോശയുടെ അനുഭവവും വ്യത്യസ്തമായിരുന്നില്ല. ദൈവജനം പിറുപിറുത്തപ്പോഴും പഴിചാരിയപ്പോ ഴും തളരാതെ നിൽക്കാൻ മോശയ്ക്ക് ധൈര്യംകിട്ടിയത് ദൈവീകദൗത്യത്തെക്കുറിച്ചുള്ള ബോധ്യമായിരുന്നു (പുറ 19:8).

രക്ഷയുടെ സന്ദേശവുമായി പോകുന്നവർക്കെല്ലാം പ്രതിസന്ധികളുണ്ടാകും. അവിടെ തളരേണ്ടതില്ല, അതിജീവിക്കുകയാണ് വേണ്ടത്. അതിനുള്ള കൃപയും ദൈവം ഒരുക്കിയിട്ടുണ്ട്. പ്രേഷിതദൗത്യനിർവഹണത്തിൽ വിശ്വാസവും പ്രത്യാശയുമാണ് കൈമുതലായി നമുക്കാവശ്യം. വിശ്വസിക്കുന്നവൻ രക്ഷിക്കപ്പെടും എന്ന് യേശു പറയുന്നതിലൂടെ കൈമാറുന്നത് ഈ ആത്മവിശ്വാസമാണ്. ദൈവം കൂടെയുണ്ടെന്നുള്ള ആത്മവിശ്വാസം. ആകസ്മികമായി ഉണ്ടാകുന്ന മഹാമാരികളും യുദ്ധങ്ങളും രോഗങ്ങളും നമ്മെ തളർത്താനല്ല, പ്രത്യാശപകരാനുള്ളതാണ്. അവിടെ നമ്മളാരും നഷ്ടധൈര്യരാകേണ്ടതില്ല. പ്രത്യാശയോടെ ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം നിർവഹിക്കുക. അത് നിറവേറുമ്പോൾ ഉണ്ടാകുന്ന സന്തോഷം വളരെ വലുതാണ്. ഏത് ജീവിതാന്തസ്സിലുള്ളവരാണെങ്കിലും എന്ത് ജോ

ലി ചെയ്യുന്നവരാണെങ്കിലും എവിടെ ജീവിക്കുന്നവരാണെങ്കിലും തങ്ങളുടെ ജീവിതംകൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടവരാണ്. വിശുദ്ധാത്മാക്കളായ ഫ്രാൻസിസ് സേവ്യറും മദർ തെരേസയുമെല്ലാം വാക്കുകളേക്കാൾ ഹൃദയംകൊണ്ട് ക്രിസ്തുവിനെ പകർന്നുനൽകിയവരാണ്. അവർ നമുക്കുമുമ്പിൽ കാണിച്ചുതന്ന പ്രേഷിത തീക്ഷ്ണത നൂറ്റാണ്ടുകൾക്കുമുമ്പ് ശിഷ്യന്മാരിലൂടെ കൈമാറി കിട്ടിയ അതേ പ്രേഷിതചൈതന്യംതന്നെയാണ്. വിശുദ്ധ വിൻസെന്റ് ഡി പോൾ പറയുന്നു: "സുവിശേഷം പകർന്നുകൊടുക്കേണ്ടത് വിജ്ഞാനത്തിലൂടെ എന്നതിനേക്കാൾ നിങ്ങളുടെ മാതൃകാപരമായ ജീവിതത്തിലൂടെ ആകണം. പാവപ്പെട്ട ജനം ശ്രദ്ധിക്കുന്നത് നിങ്ങളുടെ വാക്കുകളേക്കാൾ നിങ്ങളുടെ ജീവിതമാണ്." നമ്മുടെ ജീവിതമാകുന്ന സന്ദേശത്തിലൂടെ ക്രിസ്തുവിനെ ലോകത്തിന് പ്രകാശിപ്പിക്കുമ്പോൾ നാം ഓരോരുത്തരും യഥാർത്ഥ പ്രേഷിതപ്രവർത്തകരാകും. നമ്മുടെ കുടുംബങ്ങളിൽനിന്നും ഈ പ്രഘോഷണം ആരംഭിക്കണം. മാതാപിതാക്കളുടെ ശൈലികൾകണ്ട് മക്കളിൽ അത് പ്രകാശിക്കണം. അവിടെയാണ് യഥാർത്ഥ പ്രേഷിതദൗത്യം നടക്കുന്നത്. അനുദിനജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളിലും ക്രിസ്തു തെളിയിച്ചുതന്ന വിശ്വാസത്തിന്റെ വെളിച്ചം നഷ്ടമാകാതെ കൈമുതലായി നമുക്ക് കാത്തുസൂക്ഷിക്കാം.

**ഫാ. സുബിൻ കിടങ്ങേൻ**

# മെയ് 23
# പെന്തക്കുസ്ത ഞായർ

## ഭാഷ്യം
അപ്പ 2:1-11; 1 കോറി 12:3b-7,12-13;

യോഹ 20:19-23

### സന്ദർഭം
നാലാം സുവിശേഷത്തിൽ 14:1 മുതൽ 16:33 വരെയുള്ള ഭാഗം ഒരു എകീകൃത ഭാഗമായി കാണാനുള്ള സൂചനകൾ ഉണ്ട്. വേർപാടിലൂടെ സംഭവിക്കുന്ന നഷ്ടധൈര്യത്തിൽനിന്ന് കരകയറാനുള്ള ഉപദേശങ്ങളുടെ വിപുലീകരണമാണ് ഈ മൂന്ന് അധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്നത്. ഇവിടെ പ്രധാനമായും നാല് വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നു: 1) യേശു പിതാവിലേയ്ക്കുള്ള വഴി (14:1–14); 2) യേശു പരിശുദ്ധാത്മാവിനെ സഹായകനെ വാഗ്ദാനം ചെയ്യുന്നു (14:15–31; 15:2627; 16:515); 3) യേശു മുന്തിരിച്ചെടി (15:1–17); 4) യേശുവിനെ അനുഗമിക്കുന്നവരെ വെറുക്കുന്ന ലോകം (15:18–25; 16:1–4). ഇതിലെ രണ്ടാമത്തെ വിഷയമാണ്  ഇന്നത്തെ വായനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### സാരം
1. നാലാം സുവിശേഷകൻ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്ക് പദം ‘പാരാക്ലേത്തോസ്’ (Parakletos) ആണ്. ‘സഹായത്തിനായി വിളിക്കപ്പെട്ടവൻ,’ ‘അരികിൽ ആയിരിക്കാൻ വിളിക്കപ്പെട്ടവൻ’ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. അതിനാൽ, ‘അഭിഭാഷകൻ,’ ‘സഹായകൻ’ എന്ന ആശയം ഇതിലടങ്ങിയിരിക്കുന്നു. പഴയനിയമകാലത്ത് നേതൃനിരയിലേക്ക് വരുന്നവരെ സഹായിക്കാനും ദൗത്യം തുടരാനും ദൈവത്തിന്റെ ആത്മാവിനെ നല്കുന്നതായി സൂചനകളുണ്ട് (സംഖ്യ 27:18;ന്യായ 3:10; 6:34; 13:25;

14:6; 1 സാമു 10:9, 10; 2 സാമു 23:2; എസെ 2:2). പ്രവാചകന്മാർ ദൈവവചനം ജനങ്ങളോട് സംസാരിച്ചിരുന്നത് അവരിൽ വസിച്ചിരുന്ന ദൈവാത്മാവിന്റെ പ്രവർത്തനഫലമായിട്ടായിരുന്നു. ആയതിനാൽ, നാലാം സുവിശേഷത്തിൽ ദൗത്യനിർവഹണത്തിന്റെ സഹായത്തിനായി നല്കപ്പെടുന്ന പരിശുദ്ധാത്മാവിന് ദൈവശാസ്ത്രപരമായി പഴയനിയമകാലത്ത് നല്കപ്പെട്ടിരുന്ന സഹായകനുമായി ബന്ധമുണ്ട്. മറ്റു മൂന്ന് സുവിശേഷകർ നല്കാത്ത ദൗത്യങ്ങൾ നാലാം സുവിശേഷകൻ പരിശുദ്ധാത്മാവിന് നല്കുന്നുണ്ട്. മൂന്ന് അധ്യായങ്ങളിൽ (14–16) പരിശുദ്ധാത്മാവിനാൽ നിർവഹിക്കപ്പെടുന്ന ദൗത്യങ്ങളെ അഞ്ച് ഭാഗങ്ങളായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (14:16–18, 14:26–27, 16:7–11, 16:1315). അവയെ സവിശേഷമായി രണ്ട് പ്രധാന ആശങ്ങളിൽ സംഗ്രഹിക്കാനാകും: 1) പരിശുദ്ധമാവിന്റെ സാന്നിധ്യം; 2) പരിശുദ്ധാത്മാവിന്റെ പ്രവർത്തനം.

2. പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെ നാലാം സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുമ്പോൾ ചില കാര്യങ്ങൾ മനസിലാക്കാൻ കഴിയും. ഏറെ പ്രധാനമായും നാം ഗ്രഹിക്കുന്നത് യേശുവും പരിശുദ്ധാത്മാവും ഒന്നാണെന്നുള്ളതാണ്. യേശു പിതാവിൽനിന്നും വരുന്നതുപോലെ (1:1–14) പരിശുദ്ധാത്മാവും പിതാവിൽനിന്നും വരുന്നു (14:16–26). തന്റെ വിടവാങ്ങലോടുകൂടെ 'മറ്റൊരു സഹായകനെ' യേശു ശിഷ്യർക്കായി വാഗ്ദാനം ചെയ്യണമെങ്കിൽ തീർച്ചയായും ഒന്നാമതൊരു സഹായകൻ അവരോടൊപ്പം ഇപ്പോൾ ഉണ്ടായിരിക്കണം. ശിഷ്യന്മാരൊടൊപ്പം ആയിരിക്കുന്ന സഹായകൻ യേശുവാണ് (14:17). അപ്പോൾ യേശുവും സഹായകനും ഒന്നുതന്നെ. യേശുവും സഹായകനും ഒന്നുതന്നെയാണെന്നുള്ളതിന് മതിയായ കാരണങ്ങൾ നാലാം സുവിശേഷകൻ വീണ്ടും നല്കുന്നു. സഹായകനെ'പരിശുദ്ധാത്മാവ്,' 'സത്യാത്മാവ്' എന്നിങ്ങനെയാണ് വിശേഷിപ്പിക്കുന്നത് (14:26;15:26). പ്രസ്തുത വിശേഷണങ്ങൾ യേശുവിനെ സംബന്ധിച്ചും ശരിയാണ്. താൻതന്നെയാണ് 'സത്യം' എന്ന് യേശു പ്രഖ്യാപിക്കുന്നു (14:6). യേശു ദൈവത്തിന്റെ പരിശുദ്ധനെന്ന് പത്രോസ് പ്രഖ്യാപിച്ചു (6:69). ഇതുപോലെ രണ്ടുപേരുടെയും പ്രവർത്തനങ്ങളും ഒന്നുതന്നെയാണ്: പഠിപ്പിക്കുക, സാക്ഷ്യം നല്കുക മുതലായവ. എന്നിരുന്നാലും രണ്ടുപേരും ഒരുമിച്ച് പ്രവർത്തി

ക്കുന്നില്ല. യേശുവിന്റെ വിടവാങ്ങലിന് ശേഷമേ സഹായകൻ ആഗതനാകുന്നുള്ളൂ (16:7). ആഗതനാകുന്ന സഹായകൻ 'ശിഷ്യരിൽ ആയിരിക്കും' (14:17). ഇവിടെ സഹായകന്റെ സാന്നിധ്യത്തിന് ഒരു സവിശേഷതയുണ്ട്. യേശു ആകുന്ന സഹായകൻ ശിഷ്യരോടൊപ്പമായിരുന്നുവെങ്കിൽ (with disciples) പരിശുദ്ധാത്മാവാകുന്ന സഹായകൻ ശിഷ്യരുടെ ഉള്ളിലായിരിക്കും (in the disciples). അപ്പോൾ പരിശുദ്ധാത്മാവാകുന്ന സഹായകന്റെ സാന്നിധ്യം ആന്തരികമായൊരനുഭവമാണ്.

3. സഹായകന്റെ പ്രവർത്തനങ്ങളെക്കുറിച്ചും നാലാം സുവിശേഷകൻ നമ്മെ ബോധ്യപ്പെടുത്തുന്നു. ഒന്ന്, പഠിപ്പിക്കുക (14:26). പഠിപ്പിക്കുന്നതിലൂടെ 'വെളിപ്പെടുത്തുക' എന്നതാണ് സഹായകന്റെ പ്രവർത്തനം. ഇവിടെ വെളിപ്പെടുത്തിയവയെ അതിന്റെ പൂർണതയിൽ ഗ്രഹിക്കാൻ സഹായകൻ നമ്മെ സഹായിക്കുന്നു. രണ്ട്, 'ഓർമയിൽ കൊണ്ടുവരിക' (14:26). യേശുവിന്റെ പ്രബോധനങ്ങൾ അവയുടെ പൂർണമായ രൂപത്തിൽ ഉൾക്കൊള്ളുവാൻ ശിഷ്യർക്ക് കഴിയാതിരുന്നിട്ടുണ്ടാകാം. അങ്ങനെയെങ്കിൽ വിശ്വാസ്യമായ വ്യാഖ്യാനത്തിലൂടെ യേശുവിന്റെ പ്രബോധനങ്ങളെ സഹായകൻ മനസ്സിലാക്കിത്തരുന്നു. മൂന്ന്, സാക്ഷ്യം നല്കുന്നു (15:26–27). യേശു തന്റെ സഹനത്തിലൂടെ പിതാവിന് സാക്ഷ്യം നല്കിയതുപ്രകാരം ശിഷ്യരും യേശുവിനെപ്രതിയുള്ള അവരുടെ സഹനത്തിന് സാക്ഷ്യം നല്കുന്നത് അവരുടെ ഉ ള്ളിൽ സഹായകൻ പരിശുദ്ധാത്മാവ് – വസിക്കുന്നതുകൊണ്ടാണ്. നാല്, പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് ബോധ്യപ്പെടുത്തും (16:7–11). നാലാം സുവിശേഷപ്രകാരം യേശുവിൽ വിശ്വസിക്കായ്കമൂലം പാപത്തിൽ നിപതിക്കുമ്പോൾ ശിഷ്യരിൽ വസിക്കുന്ന സഹായകൻ അവർക്ക് ഇതിനെക്കുറിച്ച് ബോധ്യം നല്കും. 'നീതി'യുടെ പൂർണതയാണ് യേശുവെന്ന ബോധ്യവും ശിഷ്യർക്ക് നല്കുന്നത് പരിശുദ്ധാത്മാവാണ്. യേശുവിനെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതിലൂടെ സംഭവിക്കുന്ന ന്യായവിധിയെക്കുറിച്ച് ശിഷ്യരെ ബോധ്യപ്പെടുത്തുന്നതും അവരിലുള്ള പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോട് പൂർണമായി സഹകരിക്കുകവഴി ശിഷ്യർക്ക് യേശുവിനോടുള്ള വിശ്വസ്തതയിൽ നിലനില്ക്കാൻ കഴിയുന്നു.

4. ദൈവത്തിന്റെ ശക്തി ശിഷ്യന്മാരുടെമേൽ വന്നുവസിക്കുന്ന രംഗമാണ് ഒന്നാം വായനയിൽ വിവരിക്കപ്പെടുന്നത്. അത് ഒരു ദൈവാവിഷ്കാരമാണ് (Theophany). മനുഷ്യന്റെ ഭാഷയുപയോഗിച്ച് അതിനെ വിവരിക്കുന്നതിനാൽ മൂന്ന് പ്രതീകങ്ങൾ ആവശ്യമായി വരുന്നു. 1) കൊടുങ്കാറ്റുപോലുള്ള ശബ്ദം (സ്വരം), 2) അഗ്നിനാളങ്ങൾ (ദർശനം), 3) ഭാഷണവരം (സംസാരം). പരിശുദ്ധാത്മാവിന്റെ ശക്തി നിറയുന്നതിലൂടെ ഉണ്ടാകുന്ന അസ്വഭാവികമായ സംഭവങ്ങളാണ് ഇവ. ഇവയിൽ കൊടുംങ്കാറ്റും തീനാളവും പ്രപഞ്ചശക്തികളെ സൂചിപ്പിക്കുമ്പോൾ ഭാഷണവരം പരിമിതികളുള്ള മനുഷ്യനെ ഭാഷക്കതീതമായ വിശ്വതലത്തിലേക്ക് ശിഷ്യരെ ഉയർത്തുന്നു. വിവിധ ദേശങ്ങളിലും ഭാഷകളിലുമുള്ളവരെ യേശുവിന്റെ സന്ദേശം അറിയിക്കുക എന്നതാണ് ഭാഷണവരത്തിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തനം.

## സന്ദേശം

നാലാം സുവിശേഷവും അപ്പസ്തോലപ്രവർത്തനവും പരിശുദ്ധാത്മാവിന്റെ സാനിധ്യത്തെയും ദൗത്യത്തെയും സൂചിപ്പിക്കുന്നു. ആത്മാവിനാൽ നിറഞ്ഞ് നമ്മളും ആത്മാവ് നല്കുന്ന ബോധ്യങ്ങളിൽനിന്നുകൊണ്ട് ഭരമേല്പ്പിക്കപ്പെട്ട ദൗത്യങ്ങൾ തുടരാനും പൂർത്തിയാക്കാനും ക്ഷണിക്കപ്പെട്ടവരാണ്.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## പരിശുദ്ധാത്മാവിനാൽ നവീകൃതരാകാം

ക്രിസ്തുവിന്റെ തിരുസ്സഭയുടെ പ്രാരംഭംകുറിച്ച പെന്തക്കോസ്താ തിരുനാൾദിനം, ദൈവത്തിന്റെ ആത്മാവാണ് എന്നെ നയിക്കുന്നതെന്നും എന്നിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നതെന്നും ചിന്തിക്കാനും പ്രാർത്ഥിക്കാനും നമ്മെ സഹായിക്കുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിൽ (2:1–11) വിശ്വാസത്തോടുള്ള പ്രാർത്ഥനയും ദൈവത്തോടുള്ള വിധേയത്വവും പരിശുദ്ധാത്മാവിനെ നൽകുമെന്ന് നമ്മെ ഓർമിപ്പിക്കുന്നു.

യേശു കർത്താവാണെന്ന് പറയാൻ പരിശുദ്ധാത്മാവ് മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലായെന്ന് വിശുദ്ധ പൗലോസ് (1 കോറി 12:3–7, 12–13) പറയുന്നുണ്ട്. ദാനങ്ങളിലും ശുശ്രൂഷകളിലും പ്രവർത്തികളിലും വൈവിധ്യങ്ങളുണ്ടെങ്കിലും എല്ലാവർക്കും പ്രചോദനം നൽ കുന്ന ദൈവം ഒന്നുതന്നെയെന്ന് പറഞ്ഞതിനുശേഷം വിശുദ്ധ പൗലോസ് പറയുന്നത്, ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണെന്നാണ്.

യേശുവിന്റെ തിരുവുത്ഥാനത്തിനുശേഷവും യഹൂദരെ ഭയന്ന്, കതകടച്ചിരുന്ന ശിഷ്യന്മാരുടെ മധ്യേനിന്ന് തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചതിനുശേഷം അവരുടെമേൽ നിശ്വസിച്ചുകൊണ്ടാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഈശോപറയുന്നത്. പിതാവ് തന്നെ അയച്ചതുപോലെ, ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നുപറഞ്ഞുകൊണ്ടാണ് തന്റെ ശിഷ്യന്മാരിലൂടെ തിരുസ്സഭയ്ക്ക് തുടക്കംകുറിക്കാനും സകലജനതകൾക്കും വേണ്ടിയുള്ള സുവിശേഷപ്രഘോഷണത്തിന് നേതൃത്വം കൊടുക്കാനും ശിഷ്യന്മാരെ ക്രിസ്തുനാഥൻ ഏൽപ്പിക്കുന്നത്. സ്നേഹത്തിന്റെ കൽപന പാലിക്കാൻ ഒരു സഹായകനെ ക്രിസ്തു നൽകിയതു ഹൃദയപൂർവം സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ നമുക്ക് സാധിക്കട്ടെ.

പെന്തക്കോസ്താ തിരുനാൾദിനത്തിൽ ഓർത്തിരിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്: സഹായകനായ പരിശുദ്ധാത്മാവിനെ നമുക്ക് നൽകിയത് മറ്റുരാജ്യങ്ങളിലോ മറ്റു ഭാഷകളിലോ നമ്മുടെ മിടുക്ക് പ്രകടിപ്പിക്കാനോ, മാസ്മരികതയിൽ മയങ്ങുന്ന മായാജാലം കാണിക്കാനോ അല്ല. മറിച്ച്, നാം എവിടെയായിരിക്കുന്നുവോ അവിടെ സമാധാനത്തിന്റെ ദൂതരായി, സ്നേഹത്തിന്റെ നിയമം പൂർത്തീകരിക്കാനാണ്. സ്നേഹത്തിന്റെ പുതിയനിയമപൂർത്തീകരണത്തിന് പ്രഥമസ്ഥാനം കൊടുക്കാത്ത ഏത് ആധ്യാത്മികതയും ഉപരിപ്ലവമാണെന്നും എതിർസാക്ഷ്യമാണെന്നും നാം തിരിച്ചറിയണം. എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കുമെന്ന് പറഞ്ഞ യേശുവിന്റെ സ്നേഹത്തിൽ നിലനിൽക്കുമ്പോഴാണ് അവിടുത്തെ ശിഷ്യരായ നമ്മിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും വാസമുറപ്പിക്കുന്നത്. ഈ സ്നേഹത്തിൽ നിലനിൽക്കാനാണ് സഹായകനെ അയക്കുന്നത്.

മീനോൻ എന്നുപറയുന്ന സ്ഥലത്ത് വിശുദ്ധമായ തീനാളമുണ്ടെന്നും അത് ഭവനത്തിൽ വച്ചാൽ ഐശ്വര്യവും സമാധാനവും ലഭിക്കുമെന്നുമായിരുന്നു വിശ്വാസം. ഇതുകേട്ടറിഞ്ഞ മധ്യവയസ്കനായ ഒരാൾ തീ പകർത്താനായി മീനോനിലേക്ക് പോകുന്നു. മാസങ്ങളോളം അന്വേഷിച്ചതിന്റെ ഫലമായി അത് കണ്ടെത്തുന്നു. അത് പകർത്തി തിരിച്ചുവരുന്നവഴിക്ക്, രാത്രി ഒരാൾ തണുത്തുവിറച്ച് കിടക്കുന്നത് കാണുന്നു. തന്റെ കൈയിലുള്ള ഈ തീനാളം കൊടുക്കണോ! വേണ്ടയോ? അദ്ദേഹത്തിന്റെ മനസ്സിൽ സംശയമേറി. മനസ്സില്ലാമനസ്സോടെ തന്റെ മനഃസാക്ഷിയെ മാനിച്ച് നൽകാൻ തയ്യാറാകുന്നു.  യാത്ര തുടരവേ, കനത്തമഴയാലും കാറ്റാലും ആ തീനാളം അണഞ്ഞുപോകുന്നു. തിരിച്ച് മീനോനിലേക്ക് പോയി പകർത്താൻ സാധ്യമല്ല. പിന്നെ അയാൾ ഓർക്കുന്നു, ഞാൻ തീ പകർന്നുകൊടുത്ത ആ വ്യക്തിയെക്കുറിച്ച്. അവന്റെ അടുക്കൽച്ചെന്ന് ആ മനുഷ്യൻ തീ തിരിച്ചുപകർത്തുന്നു. യാത്ര തുടരുകയും ചെയ്യുന്നു. ദാനമായി എല്ലാംകിട്ടി, ദാനമായിത്തന്നെ കൊടുത്താൽ ദാനമായി ലഭിക്കും. ദാനമായി നമുക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവിനെ സ്വീകരിച്ച് പരിശുദ്ധാത്മാവിന്റെ പുണ്യഫലങ്ങൾ നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് നൽകാൻ സാധിക്കട്ടെ.

ആദിമനുഷ്യനെ കളിമണ്ണുകൊണ്ട് മനഞ്ഞ് അവനിലേക്ക് വായു നിശ്വസിച്ച് ജീവൻ നൽകിയ ദൈവം തന്റെ ശിഷ്യരിലേക്കും നിശ്വസിച്ചുകൊണ്ടാണ് പരിശുദ്ധാത്മാവിനെ നൽകി പുതിയ സൃഷ്ടികളാക്കി മാറ്റിയത്. ആധുനികയുഗത്തിന്റെ സമാധാനത്തിലെ പ്രവാചകനായ ഫ്രാൻസിസ് പാപ്പ നമ്മോട് പറയുന്നു: 'ക്രിസ്ത്യാനിയായിരിക്കുക എന്നാൽ എന്തെങ്കിലും ചെയ്തുകൂട്ടുക എന്നതല്ല, പകരം പരിശുദ്ധാത്മാവിന്റെ നിരന്തരമായ നവീകരണത്തിന് സ്വയം വിട്ടുമാറുക എന്നുള്ളതാണെന്ന്'. ദൈവരാജ്യപ്രഘോഷണത്തിന് ജീവിതംകൊണ്ട് മാതൃകനൽകിയ അപ്പസ് തോലന്മാരെ പിന്തുടർന്ന് പരിശുദ്ധാത്മാവാൽ നിറഞ്ഞ് ക്രിസ്തുവിന്റെ വക്താക്കളായി മാറാൻ നമുക്കും സാധിക്കട്ടെ.

**ഡോ. ജോസി ജോസഫ് കോച്ചാപ്പിള്ളി**

# മെയ് 30
# പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

## ഭാഷ്യം
നിയ 4:32-34, 39-40; റോമാ 8:14-17;

മത്താ 28:16-20

### സന്ദർഭം
മത്തായി എഴുതിയ സുവിശേഷപ്രകാരം യേശുവിന്റെ ഉത്ഭവവും ബാല്യകാലവും വിവരിക്കുന്ന ഒന്നും രണ്ടും അധ്യായങ്ങൾ സുവിശേഷത്തിന്റെ പ്രാരംഭമായി നിലകൊള്ളുമ്പോൾ യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം തുടങ്ങിയവ വിവരിക്കുന്ന 26 മുതൽ 28 വരെ അധ്യായങ്ങൾ സുവിശേഷത്തിന്റെ ഉപസംഹാരമായി കണക്കാക്കപ്പെടുന്നു. യേശുവിന്റെ ഉത്ഭവവും ബാല്യകാലവും ആദ്യ അധ്യായങ്ങളിൽ വിവരിക്കപ്പെടുമ്പോൾ അതിന് സമാന്തരമായി അവസാന അധ്യായങ്ങളിൽ യേശുവിന്റെ മരണവും ഉത്ഥാനവും നല്കപ്പെടുന്നു. അവസാന അധ്യായങ്ങളുടെ വിവരണം പീഡാനുഭവങ്ങളുടെ ഒരുക്കവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ തുടങ്ങി വിചാരണ, കുരിശുമരണം, സംസ്ക്കാരം, ഉത്ഥാനം എന്ന ക്രമത്തിൽ നീങ്ങുന്നു. പ്രസ്തുത വിവരണങ്ങളിൽ മുഖ്യമായ വിഷയം വിശ്വാസപ്രഖ്യാപനമാണ്. ഇവിടെ വായനക്കാർ കണ്ടുമുട്ടുന്ന പ്രധാന കഥാപാത്രങ്ങൾ യേശു, ശത്രുക്കൾ, സ്വീകരിക്കുന്നവർ എന്നിവരാണ്. ഉത്ഥാനാനന്തരം ശിഷ്യർക്ക് യേശു നല്കുന്ന ദൗത്യത്തോടുകൂടി സുവിശേഷം അവസാനിക്കുന്നു. ഈ ഭാഗമാണ് ഇന്നത്തെ ചിന്താവിഷയം.

### സാരം
1. യേശുവിനെ ബന്ധിച്ചതോടെ നാനാഭാഗത്തേയ്ക്ക് ഭയവിഹ്വലരായി ചിതറിയോടിയ ശിഷ്യഗണം (26:56) ആദ്യമായി വീണ്ടും ഒരുമിക്കുന്നത് ഈ വചനഭാഗത്താണ്. ശിഷ്യർ യേശുവിന്റെ ഉത്ഥാ

നത്തെ സംബന്ധിക്കുന്ന സാക്ഷ്യം സ്ത്രീകളിൽനിന്ന് ലഭിക്കുന്നതുവരെ അവർ ജറുസലെമിൽതന്നെ ഉണ്ടായിരുന്നുവെന്ന സൂചനയാണ് മത്തായി നല്കുന്നത്. സ്ത്രീകളിൽനിന്നും ലഭിച്ച സന്ദേശമനുസരിച്ച് ശിഷ്യർ യേശുവുമായുള്ള കൂടിക്കാഴ്ചയ്ക്കായി ഗലീലിയിലെ ഒരു മലമുകളിൽ എത്തിച്ചേരുന്നു. ഉത്ഥിതനായ യേശുവിലുള്ള വിശ്വാസം സ്ത്രീകളുടെ സാക്ഷ്യത്തിലൂടെതന്നെ ശിഷ്യരിലുണ്ടാകുന്നു. പ്രസ്തുത വിശ്വാസംതന്നെയാണ് മലയിലേക്ക് ശിഷ്യരെ നയിക്കുന്നതും അവിടെ അവർ യേശുവിനായി കാത്തിരിക്കുന്നതും. മത്തായി പ്രാധാന്യം നല്കുന്ന സ്ഥലമാണ് മല (5:1, 17:1, 24:3, കാണുക). ഭൂമിശാസ്ത്രപരമായി നിലനില്ക്കുന്നതിനെക്കാൾ ദൈവശാസ്ത്രത്തിൽ ഇടം കണ്ടെത്തുന്ന ഒരു തലമാണ് മത്തായിയെ സംബന്ധിച്ചിടത്തോളം മല. അങ്ങനെ വരുമ്പോൾ ദൈവിക വെളിപാടിന്റെ മേഖലയാണ് മല. മലമുകളിൽ പ്രത്യക്ഷപ്പെടുന്ന യേശുവിനെ ദർശിക്കുമ്പോൾ ആരാധനയുടെയും സംശയത്തിന്റെയും ഭാവങ്ങളാണ് ശിഷ്യരിൽ പ്രകടമാകുന്ന പ്രതികരണങ്ങൾ. ആരാധനയുടെയും സംശയത്തിന്റെയും മിശ്രഭാവങ്ങൾ ശിഷ്യരിൽ ഇതിനുമുമ്പും പ്രകടമായിരുന്നു (14:31–32). ആരാധനയും ചഞ്ചല വിശ്വാസവും ഒരേസമയം പ്രകടിപ്പിക്കുന്ന ശിഷ്യരുടെ സമൂഹത്തിനാണ് യേശുദൗത്യം ഭരമേൽപ്പിക്കാൻ പോകുന്നത്.

2. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായി അവരോധിക്കപ്പെട്ട യേശു തനിക്ക് ലഭിച്ച അധികാരത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് ശിഷ്യരെ ദൗത്യം ഏല്പിക്കുന്നത് (28:17). കല്പനാരൂപത്തിൽ യേശു ശിഷ്യർക്കുനല്കുന്ന ദൗത്യം ഇവയാണ്: 'പോകുക,' 'എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക,' 'ത്രിയേക ദൈവനാമത്തിൽ ജ്ഞാനസ്നാനം നല്കുക,' 'കല്പനകൾ അനുസരിക്കാൻ പഠിപ്പിക്കുക.' 'പോകുക'എന്ന ദൗത്യത്തിൽ ഒരു ചലനാത്മകത ഉൾച്ചേർത്തിരിക്കുന്നു. ശിഷ്യരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രേഷിതദൗത്യം ഒരു നിശ്ചിതദേശത്ത് തളച്ചിടേണ്ട പ്രവൃത്തിയാകാതെ ദേശാടനത്തിലൂടെ വ്യാപിപ്പിക്കേണ്ട ഒന്നാണ്. 'എല്ലാജനതകളെയും ശിഷ്യപ്പെടുത്തുക' എന്ന കല്പനയുടെ പ്രസക്തി ഇവിടെയാണ്. 'എല്ലാ ജനതകളെയും' എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് യഹൂദരും വിജാതീയരും ഉൾപ്പെടുന്ന ഒരു പുതിയ വിശ്വാ

സിസമൂഹത്തിന്റെ രൂപീകരണമാണ്. ഈ കല്പന ഇതിനുമുന്നേ നല്കപ്പെട്ട കല്പനയുടെ (10:5–6) ന്യൂനതയെ പരിഹരിക്കുകയും ആരേയും മാറ്റിനിർത്താത്ത എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന ഒരു നവസമീപനമാണ്. സർവജനതകളുടെയും രക്ഷ വിശ്വാസത്തിന്റെ കേന്ദ്രമായ ത്രിത്വൈകദൈവനാമത്തിലൂടെയാണ് സംജാതമാകുന്നത്. പുതിയ വിശ്വാസിസമൂഹം രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കപ്പെടുന്നത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെയാണ്. അപ്രകാരം ഒരു വിശ്വാസിയെ ക്രൈസ്തവസമൂഹത്തിന്റെ ഭാഗമാക്കി തീർക്കുന്ന പ്രക്രിയയായി ജ്ഞാനസ്നാനം നിലകൊള്ളുന്നു. പുതുതായി രൂപപ്പെട്ട വിശ്വാസിസമൂഹത്തെ യേശു കല്പിച്ചവ പഠിപ്പിക്കാൻ ശിഷ്യർ കടപ്പെട്ടിരിക്കുന്നു. കല്പനകളിൽ ഏറ്റവും പ്രധാനമായ ദൈവസ്നേഹവും പരസ്നേഹവും (22:36–40) എല്ലാവരേയും പഠിപ്പിക്കുക എന്നതാണ് ഇവിടെ അർത്ഥമാക്കുന്നത്.

3. യേശു ശിഷ്യരെ ഭരമേല്പിച്ച ദൗത്യങ്ങൾ നിർവഹിക്കപ്പെടുന്നത് ശിഷ്യരുടെതന്നെ പരിശ്രമഫലമായിരിക്കില്ല; മറിച്ച്, എന്നും അവരുടെ കൂടെയായിരിക്കുന്ന യേശുസാന്നിധ്യത്തിലായിരിക്കും (28:20). പഴയ ഉടമ്പടിയുടെ കൂടെ ദൈവസാന്നിധ്യവും നല്കപ്പെട്ടു: കൂടാരമടിച്ചു ജനത്തോടൊപ്പം വസിച്ച ദൈവം – 'ഷെക്കീനാ' – ദൈവസാനിധ്യത്തിന്റെ കൂടാരം. പുതിയ ഉടമ്പടിയുടെ സ്നേഹകല്പന (22:36–40) പഠിപ്പിക്കുന്ന ദൗത്യത്തിൽ ശിഷ്യരെ പ്രചോദിപ്പിക്കുന്ന പുതിയ 'ഷെക്കീന'യാണ് 'യുഗാന്തം വരെ എന്നും നിങ്ങളോടു കൂടെയുണ്ടായിരിക്കും' എന്ന യേശുവിന്റെ വാഗ്ദാനം. ദൗത്യം യേശുവിന്റേതാണ്. നമ്മുടേതല്ല അവിടുന്നാണ് ചരിക്കുന്നത്, നമ്മൾ കൂടെ നടക്കുന്നു എന്നേയുള്ളൂ; യുഗാന്തവുമാണ് ലക്ഷ്യം.

4. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിനത്തിൽ ഈ സുവിശേഷഭാഗം നല്കപ്പെടാനുള്ള പ്രധാന കാരണം ത്രിത്വത്തിന്റെ മൂന്ന് ആളുകളായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, എന്നിവരുടെ ,സൂചന ഇവിടെ ഉള്ളതുകൊണ്ടാണ്. പുതിയ നിയമത്തിലെ പല പുസ്തകങ്ങളിലേതുപോലെ മത്തായി സുവിശേഷത്തിലും ത്രിത്വത്തെ സംബന്ധിക്കുന്ന സിദ്ധാന്തം (doctrine) കാണാൻ കഴിയുന്നില്ല. പക്ഷേ, സുവിശേഷത്തിലുടനീളം യാത്ര ചെയ്യുമ്പോൾ മത്തായി വ്യക്തമാ

ക്കാൻ ശ്രമിക്കുന്നത് യേശുവിന്റെ പ്രവർത്തനം മുഴുവനും പിതാവിന്റെ നാമത്തിലായിരുന്നുവെന്നാണ് (ഉദാ 9:1-7;25:31-46). കൂടാതെ, യേശുവിന്റെ ജ്ഞാനസ്നാനവേളയിലും (3:13-17) ഉത്ഥാനാനന്തരം ശിഷ്യർക്ക് ദൗത്യം നല്കുന്ന അവസരത്തിലും 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്' പരാമർശിക്കപ്പെടുന്നുമുണ്ട്. അപ്രകാരം, ഏകദൈവസിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന യഹൂദമതവികാരത്തെ വ്രണപ്പെടുത്താതെ ത്രിതൈ്വക ദൈവത്തിലുള്ള വിശ്വാസത്തിലേക്ക് നവസമൂഹത്തെ മത്തായി ആനയിക്കുന്നു.

## സന്ദേശം

യേശു ശിഷ്യർക്ക് നല്കിയ ദൗത്യത്തിന്റെ തുടർച്ച കാലത്തിന്റെ ഭാഗമായി നാം ഓരോരുത്തരിലും വന്നുചേർന്നിരിക്കുന്നു. നമ്മുടെ അനുദിനജീവിതപശ്ചാത്തലത്തിൽ ഈ ദൗത്യം എപ്രകാരം നിർവഹിക്കപ്പെടണമെന്ന് ചിന്തിക്കാം. നമുക്കായി നീക്കിവച്ചിരിക്കുന്ന ദൗത്യം മറ്റാരും നിർവഹിക്കുന്നില്ല. ദൗത്യനിർവഹണത്തിൽനിന്ന് പിന്തിരിയുന്നത് ജ്ഞാനസ്നത്തിലൂടെ ലഭ്യമായ വിളിയോടുള്ള നിസ്സഹകരണമാണ്.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## ഈശോയുടെ അന്ത്യമൊഴികൾ

യേശുവിന്റെ പീഡാസഹനവും കുരിശുമരണവും സങ്കൽപ്പിക്കാവുന്നതിനുമപ്പുറം വേദനാജനകമായിരുന്നു. അതുവരെ ഉണ്ടായിരുന്ന അവരുടെ പ്രതീക്ഷകളും സ്വപ്നങ്ങളുമൊക്കെ തകർന്നുടഞ്ഞു.

കുരിശുമരണത്തോടെ 'യേശു' എന്ന അധ്യായം അവസാനിച്ചുവെന്ന് കരുതിയ അവരുടെ അരികിലേക്ക് വീണ്ടും ആഗതനാകുന്ന ക്രിസ്തു അവരെ ആശ്ചര്യപ്പെടുത്തുന്നു. കാരണം, ഇങ്ങനെയൊരു അനുഭവം യഹൂദചരിത്രത്തിൽ ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ഇന്നത്തെ സുവിശേഷം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത് ബൈബിളിൽ

രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവും ശിഷ്യന്മാരും തമ്മിലുള്ള അവസാനത്തെ കൂടിക്കാഴ്ചയും അവിടുന്ന് അവരോട് പങ്കുവയ്ക്കുന്ന അവസാനത്തെ വാക്കുകളുമാണ്.

യേശുവിന്റെ നിർദ്ദേശമനുസരിച്ച് പതിനൊന്നു ശിഷ്യന്മാരും ഗലീലിയിലെ മലയിലേക്കുപോയി. അവിടെവച്ച് അവിടുന്ന് അവരോടു പറഞ്ഞ വാക്കുകൾ അറിയപ്പെടുന്നത് 'The Great Commission' എന്നാണ്. ഈശോയുടെ ഈ അവസാനവാക്കുകൾ നാല് പ്രധാനപ്പെട്ട ഘടകങ്ങളായി തിരിക്കാം. 1. എല്ലാ അധികാരവും നൽകപ്പെട്ടിരിക്കുന്നു, 2. എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, 3. എല്ലാം അനുസരിക്കുവിൻ, 4. എല്ലാനേരവും ഞാൻ കൂടെയുണ്ടാവും.

**1. എല്ലാ അധികാരവും**

മരുഭൂമിയിലെ പരീക്ഷയിൽ ഉയർന്ന മലമുകളിൽനിന്നും താഴെക്കാണുന്ന രാജ്യങ്ങളെ കാണിച്ചുകൊടുത്തുകൊണ്ട് പിശാച് പറയുന്നു: എന്നെ ആരാധിച്ചാൽ 'ഇവയുടെയെ ല്ലാംമേൽ അധികാരം ഞാൻ നിനക്കുതരാം' എന്ന്. സാത്താന്റെ ദുരുദ്ദേശത്തെ പരാജയപ്പെടുത്തുന്ന യേശുവിന് പിതാവായ ദൈവം ഭൂമിയിലെ മാത്രമല്ല സ്വർഗത്തിലെയും എല്ലാ അധികാരവും നൽകുന്നു.

**2. എല്ലാ ജനതകളെയും**

ദൈവത്തിന്റെ ഹിതം എന്നത് ലോകം മുഴുവന്റെയും മാനസാന്തരമാണ്. വേർതിരിവോ, മുൻഗണനയോ, വിവേചനമോ ഇല്ലാതെ എല്ലാവരെയും പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുകയായിരുന്നു ദൈവത്തിന്റെ പദ്ധതികൾ.

**3. എല്ലാം അനുസരിക്കുവിൻ**

മത്തായി 5:16, 7:21-27-വാക്യങ്ങൾ പറഞ്ഞുതരുന്നത് ക്രിസ്തുശിഷ്യരാവുന്ന എല്ലാവരും അവിടുത്തെ കൽപനകൾ പാലിക്കേണ്ടവരാണെന്നാണ്. നമ്മുടെ പ്രവൃത്തികളൊക്കെയും നമ്മുടെ വിശ്വാസത്തെപ്രതിഫലിപ്പിക്കുന്നതരത്തിലുള്ളതാവണം.

Date of Publication: 13 April 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 102)

**4. എല്ലാ നേരവും**

ഇതാണ് ഏറ്റവും ആശ്വാസദായകമായ വാക്കുകൾ. മത്തായി 1:23-ൽ യേശുവിന് പേര് നൽകുന്നത് 'എമ്മാനുവേൽ' എന്നാണ്. അതിന്റെ അർത്ഥംതന്നെ 'ദൈവം നമ്മോടുകൂടെ' എന്നാണ്. ഈശോ നമ്മോട് വാഗ്ദാനം ചെയ്യുന്നു: "നിത്യതയിലും ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും."

അവിടുന്ന് അവസാനമായി പറഞ്ഞുവയ്ക്കുന്ന ഈ വാക്കുകൾ (the great commission) ക്രിസ്തുശിഷ്യരാകാൻ വിളിക്കപ്പെട്ട നമ്മൾ ഓരോരുത്തരോടും ഉള്ളതാണ്.

**ആരാണ് ഒരു യഥാർത്ഥ ക്രിസ്തുശിഷ്യൻ?**

Head - ശിരസ്സ്, Heart - ഹൃദയം, Hands -കരങ്ങൾ

ക്രിസ്തുവിനെ ശിരസ്സായി കണ്ടുകൊണ്ട് അവിടുത്തെ അനുഗമിക്കുന്നവൻ, ക്രിസ്തുവിനെ ഹൃദയത്തിൽ പേറുന്നവൻ, ക്രിസ്തുവിന്റെ ദൗത്യത്തെ സ്വന്തം കരങ്ങളിലൂടെ നിർവഹിക്കുന്നവൻ. അവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ.

**ഫാ. സോജൻ ആലയ്ക്കൽ**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*